# പാസ്സ്പോര്ട്ട് ഉദ്യോഗസ്ഥരുടെ സമ്മേളനം 2015 , ന്യൂഡെല്ഹി

ജൂണ് 27, 2015

പാസ്പോര്ട്ട് സേവ ദിവസ് ദിനത്തോട് അനുബന്ധിച്ച് പാസ്പോര്ട്ട് ഓഫീസര്മാരുടെ നാലു ദിവസത്തെ സമ്മേളനം ജവഹര്ലാല് നെഹ്റു ഭവനില് ജൂണ് 23-26, 2015 ല് സംഘടിപ്പിച്ചു . മുപ്പത്തി ഏഴു ഓഫീസര്മാര് സമ്മേളനത്തില് പങ്കെടുത്തു.

ജൂണ് 24 , പാസ്പോര്ട്ട് ദിവസമായി 1967 പാസ്പോര്ട്ട് ആക്റ്റ് നിലവില് വന്നതിന്റെ ഭാഗമായി ജൂണ് 24 നു പാസ്പോര്ട്ട് സേവ ദിവസം ആയി കേന്ദ്ര വിദേശകാര്യ മന്ത്രാലയം ആഘോഷിക്കുന്നു. . ഈ യോഗം അത് കൊണ്ട് തന്നെ ശ്രദ്ധേയമായി . ഇന്ത്യയില് , പാസ്പോര്ട്ട് വിതരണത്തിനും മറ്റു യാത്രാ രേഖകളും നല്കുന്നതിന് ആവശ്യമായ നിയമപരമായ ചട്ടക്കൂട് നല്കിയത് ഈ ആക്ടാണ്

പരിപൂര്ണ സമര്പ്പണം, സ്ഥിരോത്സാഹം എന്നിവയിലൂടെ തടസ്സങ്ങളെ മറികടന്നു , കഴിഞ്ഞ വര്ഷം തീര്ച്ചപ്പെടുത്തിയ ലക്ഷ്യം നേടാന് സാധിച്ചതിനു പാസ്പോര്ട്ട് വിതരണ അധികാരികളെ, തന്റെ ഉപസംഹാര പ്രസംഗത്തില് കേന്ദ്ര വിദേശകാര്യ മന്ത്രി ശ്രീമതി സുഷമ സ്വരാജ് അഭിനന്ദിച്ചു. പാസ്പോര്ട്ട് ഓഫീസുകള് നല്കുന്ന സേവനങ്ങളിലെ കൃത്യത, ഗുണം , സകാരാത്മകത എന്നിവയെ കുറിച്ച് ആവേശത്തോടെയാണ് ജനങ്ങള് പുകഴ്ത്തുന്നതെന്ന് മന്ത്രി പറഞ്ഞു .

പോയ ഒരു വര്ഷത്തിനുള്ളില് ഒരു കോടി പാസ്പോര്ട് സേവനങ്ങള് , മന്ത്രാലയം നിര്വ്വഹിച്ചു. അഞ്ഞൂറില് അധികം പാസ്പോര്ട് മേളകള് ആഴ്ചകളുടെ അവസാനം വിവിധ പാസ്പോര്ട് സേവ കേന്ദ്രങ്ങളില് സംഘടിപ്പിച്ചു , നൂറില് അധികം പാസ്പോര്ട് സേവ ക്യാമ്പുകള് രാജ്യത്തുടനീളം വിദൂര

പ്രദേശങ്ങളില് ഉള്പ്പെടെ സംഘടിപ്പിച്ചു, അത് പോരാന്മാര്ക്ക് പാസ്പോര്ട് സേവനങ്ങള് കൂടുതല് അരികില് എത്തിക്കുക എന്ന ലക്ഷ്യത്തോടെയായിരുന്നു . ഈ ഗവണ്മെന്റ് വന്നതിനു ശേഷം നോര്ത്ത്- ഈസ്റ്റില് നാലും കര്ണാടകയില് ഒന്നും പാസ്പോര്ട്ട് സേവ കേന്ദ്രങ്ങള് ആരംഭിക്കുകയും രാജ്യത്തെ പാസ്പോര്ട് സേവ കേന്ദ്രങ്ങളുടെ എണ്ണം 82 ആക്കുകയും ചെയ്തു. കഴിഞ്ഞ മാസം നിലവില് വന്ന പാസ്പോര്ട് സേവയില് ഒറ്റ പ്രാവശ്യം കൊണ്ട് സാധ്യമാകുന്ന ഐഎസ്ഒ സെര്ട്ടിഫിക്കേഷനുകള് ആണ് പ്രത്യേക പരാമര്ശം വേണ്ടത്

പൌരന്മാര്ക്ക് മികച്ച സേവനങ്ങള് നല്കിയതിനു മികച്ച സേവനം ചെയ്യുന്ന ഉദ്യോഗസ്ഥര്ക്കും , മികച്ച സേവനം ചെയ്യുന്ന പാസ്പോര്ട്ട് ഓഫീസിനുമുള്ള പാസ്പോര്ട്ട് സേവ പുരസ്കാരങ്ങള്, ചടങ്ങില് വിതരണം ചെയ്തു. പോലീസ് വെരിഫിക്കേഷന് പാസ്പോര്ട്ട് നല്കുന്നതിലെ പ്രധാന ഘടകം ആയതിനാല് ഡെല്ഹി , ഹരിയാന , ആന്ധ്ര പ്രദേശ് , തെലങ്കാന എന്നിവിടങ്ങളിലെ പോലീസ് വകുപ്പിന് വേഗത്തില് പൊലീസ് വെരിഫിക്കേഷന് വേഗത്തില് നടപ്പാക്കുന്നതില് അവരുടെ വകുപ്പ് നല്കിയ സേവനങ്ങളെ അംഗീകരിച്ച് പുരസ്ക്കാരങ്ങളും നല്കി പോലീസ് വെരിഫിക്കേഷന് പ്രക്രിയയില് വിപ്ലവം ഉണ്ടാക്കാന് സഹായകമാകുന്ന എംപാസ്പോര്ട് പോലീസ് എന്ന ഒരു ആപ് മൂലരൂപവും പാസ്പോര്ട് സേവനങ്ങളെ കുറിച്ച് പ്രതിപാദിക്കുന്ന ഒരു എ ബുക്കും മന്ത്രി തുടക്കം കുറിച്ചു. കേന്ദ്ര വിദേശകാര്യ സഹമന്ത്രി , ജനറല്. (റിട്ട). ഡോ. വി.കെ സിംഗ് , കേന്ദ്ര പാസ്പോര്ട്ട് ഓര്ഗനൈസേഷന് ( സിപിഒ) പ്രവര്ത്തനങ്ങളില് സമ്തൃപ്തി രേഖപ്പെടുത്തി. അതോടൊപ്പം നോര്ത്ത് ഈസ്റ്റിലെ പാസ്പോര്ട് സേവ കേന്ദ്രങ്ങളുടെ പ്രവര്ത്തനത്തിലും തൃപ്തി രേഖപ്പെടുത്തി. പുതുക്കിയ ഊര്ജ്ജസ്വലതയും പ്രചോദനവും സിപിഒ ഉദ്യോഗസ്ഥര്ക്ക്

കൂടുതല് നാഴികക്കല്ലുകള് കൈവരിക്കുന്നത് തുടരുമെന്ന് മന്ത്രി പ്രത്യാശിച്ചു.

പാസ്പോര്ട് സേവ ദിവസത്തില് പാസ്പോര്ട്ട് ഓഫീസര്മാരുടെ സമ്മേളനം വിദേശ സെക്രട്ടറി ഡോ. എസ് ജയശങ്കര് നിര്വഹിച്ചു. ചടങ്ങില് സംസാരിക്കവേ , നമ്മുടെ കരുത്തും ന്യൂനതകളും ,നിരീക്ഷണവും ആഘോഷങ്ങളും, നേട്ടങ്ങളും അപര്യാപ്തതയും കണ്ടെത്തുവാനുള്ള അവസരങ്ങള് ആണ് എന്നു അദ്ദേഹം പറഞ്ഞു. ഇവ കണ്ടു മനസ്സിലാക്കി വിടവുകള് അടക്കണം. പ്രത്യേകിച്ചും പാസ്പോര്ട് അപേക്ഷകരുടെ പരാതികളില് പാസ്പോര്ട് ഉദ്യോഗസ്ഥര് പ്രത്യേകം ശ്രദ്ധ നല്കണം എന്നു അദ്ദേഹം എടുത്തു പറഞ്ഞു

.പാസ്പോര്ട് സേവ നിലവില് വന്നതിനു ശേഷം 2.8 കോടിയില് അധികം പാസ്പോര്ട് സേവനങ്ങള് നടപ്പാക്കികഴിഞ്ഞു. പാസ്പോര്ട് വിതരണത്തിലെ , വേഗത, വിശ്വാസ്യത, സുതാര്യത എന്നിവ മൊത്തം കൈകാര്യം ചെയ്യലും മെച്ചപ്പെടുത്തുന്നതിനും ആവശ്യമായവ യോഗത്തില് ചര്ച്ച ചെയ്തു. സിപിഒ ഉദ്യോഗസ്ഥരുടെ ജോലി-ജീവിതം സന്തുലമാക്കുന്നതിന് അജണ്ടയില് യോഗയുടെ ഒരു ഭാഗം ഉള്പ്പെടുത്തിയിരുന്നു. കേന്ദ്രത്തിന്റെയും സംശതന ഗവണ് മെന്റിന്റെയും പ്രവര്ത്തനം സഹകരിപ്പിച്ചു കൊണ്ടുപോകുന്ന പ്രധാന കണ്ണിയായി കൂടി പാസ്പോര്ട് ഓഫീസുകളെ കാണാം

ന്യൂഡെല്ഹി
ജൂണ് 27, 2015